പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 148      04.12.2018-ലെ മറുപടിക്ക്

# റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.ബി. സതീഷ്<br>" വി. കെ. സി. മമ്മത് കോയ<br>" റ്റി.വി.രാജേഷ്<br>" പി.വി. അൻവർ | എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചുവരുന്നത്; | (എ) | റോഡപകടങ്ങൾ കുറയ്ക്കുവാൻ ഉതകുന്ന പദ്ധതികൾ - പ്രധാനമായും ട്രാഫിക് സിഗ്നലുകൾ, ക്യാമറകൾ, ട്രാഫിക് ദിശാ ബോർഡുകൾ, ക്രാഷ് ബാരിയർ, Warning blinkers എന്നിവ സ്ഥാപിക്കൽ, റോഡ് അടയാളങ്ങൾ, ട്രോമ കെയർ സംവിധാനം ഏർപ്പെടുത്തൽ, ട്രാഫിക് - മോട്ടോർ വാഹന നിയമം നടപ്പാക്കാനാവശ്യമായ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വാങ്ങൽ, റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കൽ, ബോധവൽക്കരണ / പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, ബ്ലാക്ക് സ്പോട്ടുകളുടെ നവീകരണം തുടങ്ങിയവ കേരള റോഡ് സുരക്ഷാ അതോറിറ്റി അനുബന്ധ വകുപ്പുകളുമായി ചേർന്ന് സംസ്ഥാനത്ത് നടപ്പാക്കി വരുന്നു.<br>സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളും തദ്വാരായുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻ നിർത്തി ആവിഷ്കരിച്ചു വരുന്ന നൂതനപദ്ധതികൾ ചുവടെ ചേർക്കുന്നു.<br>i.<u>സേഫ് കേരള</u><br>റോഡപകടങ്ങളും തൻമൂലം പരിക്കേൽക്കുന്നതും മരണം സംഭവിക്കുന്നതും പരമാവധി കുറയ്ക്കുക, സുരക്ഷിത യാത്ര പ്രദാനം ചെയ്യുക, അച്ചടക്കമുള്ള റോഡ് സംസ്കാരം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന ബൃഹത് പദ്ധതിയാണ് സേഫ് |

| | | | |
|---|---|---|---|
| | | | കേരള പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പിൽ 10 ആർ.റ്റി.ഓ, 65 എം.വി.ഐ, 187 എ.എം.വി.ഐ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് Enforcement squad കളുടെ എണ്ണം 34 -ൽ നിന്ന് 85 ആയി കൂട്ടിയിട്ടുണ്ട്. സംസ്ഥാന പാതകൾ മുഴുവൻ സമയ നിരീക്ഷണത്തിലാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. മോട്ടോർ വാഹന വകുപ്പിന്റെ Enforcement വിഭാഗം ശക്തിപ്പെടുത്തുക, മോട്ടോർ വാഹന നിയമം/ ട്രാഫിക് നിയമം നടപ്പാക്കുന്നതിനും നിയമലംഘകരെ കൈകാര്യം ചെയ്യുന്നതിനും ജില്ലാ തലത്തിൽ ആധുനിക സംവിധാനത്തോടുകൂടിയ കൺട്രോൾ റൂം സ്ഥാപിക്കുക, 24 മണിക്കൂറും വാഹന പരിശോധന സംവിധാനം ഏർപ്പെടുത്തുക, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ട്രാഫിക് നിയമ ലംഘകർക്ക് നിർബന്ധിത പരിശീലന പരിപാടി നൽകുക, അപകട രക്ഷാ ദൗത്യം ഏകോപിപ്പിക്കുക തുടങ്ങിയവയാണ് പ്രധാനമായും സേഫ് കേരള പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.<br>ii. ബ്ലാക്ക് സ്പോട്ടുകളുടെ നിർമ്മാർജ്ജനം<br>കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം (MoRTH) നിഷ്കർഷിച്ച മാനദണ്ഡ പ്രകാരം സംസ്ഥാനത്ത് 275 ബ്ലാക്ക് സ്പോട്ടുകൾ (തുടർച്ചയായി അപകടം സംഭവിക്കുന്ന മേഖല) നാറ്റ്പാക്കിന്റെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ദേശീയ പാതയിൽ 159 ഉം മറ്റു റോഡുകളിൽ 116 എണ്ണവുമാണുള്ളത്. ദേശീയ പാതയിൽ കണ്ടെത്തിയ 159 എണ്ണത്തിന്റെ വിശദാംശങ്ങൾ MoRTH മാനദണ്ഡങ്ങൾ പ്രകാരം പരിഹാര നടപടികൾക്കായി കേന്ദ്രമന്ത്രാലയത്തിന്റെ റോഡ് സുരക്ഷാ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാന പാതകളിലും പ്രധാന ജില്ല പാതകളും കൂടാതെ മറ്റു പാതകളിലുമായി പതിനൊന്ന് ജില്ലകളിലായി കണ്ടെത്തിയ ബാക്കി 116 ബ്ലാക്ക് സ്പോട്ടുകളിൽ അടിയന്തിര പ്രശ്ന പരിഹാരം ആവശ്യമുള്ള 46 എണ്ണം മുൻഗണനാ പട്ടികയിൽ പൊതുമരാമത്ത് വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് |

| | | | |
|---|---|---|---|
| | | | മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ പോലീസ് - മോട്ടോർ വാഹന – പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തി ഹ്രസ്വകാല – ദീർഘകാല പരിഹാര നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ വർഷവും ബ്ലാക്ക് സ്പോട്ടുകൾ സന്ദർശിച്ച് വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമായ ശുപാർശ നൽകുന്നതിനായി വാർഷിക കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ബ്ലാക്ക് സ്പോട്ടുകളുടെ നവീകരണത്തിനായി 22.5 കോടി രൂപയുടെ പദ്ധതിക്ക് പൊതുമരാമത്ത് വകുപ്പിന് (റോഡുകളും പാലങ്ങളും) അനുമതി നൽകിയിട്ടുണ്ട്. 2018 നവംബറിൽ സർക്കാർ 22.39 കോടി രൂപ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് അനുവദിച്ചതിൽ നിന്നും ഒരു കോടി രൂപ ആദ്യ ഗഡുവായി പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. മുൻഗണനാക്രമത്തിൽ ഉൾപ്പെട്ട മിക്ക ബ്ലാക്ക് സ്പോട്ടുകളിലും ഹ്രസ്വകാല പരിഹാര നിർദ്ദേശങ്ങളായ വേഗത നിയന്ത്രണ സംവിധാനങ്ങൾ, ഹംപുകൾ, ദിശാബോർഡുകൾ, ട്രാഫിക്ക് സിഗ്നലുകൾ എന്നിവയുടെ സ്ഥാപനം, റോഡ് മാർക്കിംഗ് തുടങ്ങിയവ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.<br>iii. <u>മോഡൽ സേഫ് കോറിഡോർ പ്രോജക്ട്</u><br>കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടെ സുരക്ഷിത യാത്ര ലക്ഷ്യം വച്ചുകൊണ്ട് കെ.എസ്.റ്റി.പി നടപ്പാക്കുന്ന പദ്ധതിയാണ് സേഫ് കോറിഡോർ പദ്ധതി. അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ സംവിധാനങ്ങൾ, ഉപകരണങ്ങൾ, വേഗതാ നിയന്ത്രണ ഉപാധികൾ, സുരക്ഷാ സമ്പ്രദായങ്ങൾ, കാൽനടയാത്രക്കാർക്കുള്ള സുരക്ഷാ സംവിധാനങ്ങൾ, സ്കൂൾ സോൺ സുരക്ഷാ സംവിധാനങ്ങൾ, ക്രാഷ് ബാരിയർ, സിഗ്നൽ സംവിധാനങ്ങൾ, പാർക്കിംഗ് Slot കൾ, ആധുനിക ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ തെരഞ്ഞെടുക്കപ്പെട്ട റോഡ് ഇടനാഴിയിൽ ഒരുക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്ത് മോഡൽ കോറിഡോർ |

| | | | |
|---|---|---|---|
| | | | റോഡായി ആദ്യം തെരഞ്ഞെടുത്തത് 82 കി.മീ ദൈർഘ്യമുള്ള കഴക്കൂട്ടം -അടൂർ ദേശീയ പാതയാണ്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.<br>സേഫ് കോറിഡോർ -പാവങ്ങാട് - കോരപ്പുഴ – കോഴിക്കോട്<br>കെ.എസ്.റ്റി.പി.യുടെ ധനസഹായത്തോടെ കോഴിക്കോട് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ഏറ്റെടുത്ത് നടത്തുന്ന പദ്ധതി യാണ് സംസ്ഥാനത്തെ രണ്ടാമത്തെ സേഫ് കോറിഡോർ പദ്ധതിയായ പാവങ്ങാട് - കോരപ്പുഴ. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു.<br>ഇതു കൂടാതെ, എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കിയും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. കേരള പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ശുഭയാത്രാ പദ്ധതി കൂടുതൽ വിപുലമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. അപകടകരമായ രീതിയിൽ അശ്രദ്ധമായും, അമിത വേഗത്തിലും വാഹനം ഓടിക്കുന്നവർക്കെതിരെയും, റോഡ് നിയമങ്ങൾ പാലിക്കാതെ വാഹനം ഓടിക്കുന്നവർക്കെതിരെയും, പോലീസ് വകുപ്പ് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേയ്ക്കായി ആൽക്കോ മീറ്ററുകൾ, സ്പീഡ് റഡാറുകൾ, ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ തുടങ്ങിയ അത്യാധുനിക ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ച് പോലീസ് മൊബൈൽ പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, ഹൈവേ പട്രോളിംഗ് തുടങ്ങിയ വാഹന പരിശോധനകൾ നടത്തി പരമാവധി റോഡപകടങ്ങൾ ഒഴിവാക്കി റോഡിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നു. സ്പീഡ് ഗവേർണർ ഒഴിവാക്കിയും, കൃത്യതയില്ലാത്ത സ്പീഡ് ഗവേർണർ ഉപയോഗിച്ചും ഓടിക്കുന്ന വാഹനങ്ങൾ തടയുന്നതിന് കർശന നിർദ്ദേശം പോലീസ് വകുപ്പ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി 24 മണിക്കൂറും നിരീക്ഷണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) യും (സി) യും | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി സേഫ് കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സേഫ് കേരള പദ്ധതിയുടെ ഭാഗമായി 24 മണിക്കൂറും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തി നിയമലംഘനം തടയുക എന്ന പ്രധാന ലക്ഷ്യം കൈവരിക്കുന്നതിനായി കേരളത്തിലെ 14 ജില്ലകളിലായി മൊത്തം 85 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നതാണ്. ആയതിലേയ്ക്ക് ആദ്യ പടി എന്ന നിലയിൽ 183 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ പി.എസ്.സി മുഖേന നിയമനം നടത്തി തൃശ്ശൂർ പോലീസ് അക്കാദമിയിൽ ട്രെയിനിംഗ് ആരംഭിച്ചിട്ടുണ്ട്. 14 ജില്ലകളിലേയ്ക്ക് എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുന്നതിനായി നടപടി നടന്നു വരുന്നു. 14 ജില്ലകളിലും എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേതൃത്വത്തിൽ കൺട്രോൾ റൂം സ്ഥാപിക്കുന്നതിന് സ്ഥലം നിശ്ചയിച്ച് നടപടി ആരംഭിച്ചിട്ടുണ്ട്. സ്ക്വാഡുകൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ വാഹനങ്ങൾ വെറ്റ് ലീസിന് എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാ തലത്തിൽ കേന്ദ്രീകൃത കൺട്രോൾ റൂമുകൾ സ്ഥാപിക്കുവാനും 'സേഫ് കേരള' വിഭാവനം ചെയ്യുന്നു.<br>44 ഹൈവേ പട്രോൾ യൂണിറ്റുകൾ കേരളത്തിലെ ഹൈവേകളിൽ 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നുണ്ട്. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ടി ഹൈവേ പട്രോൾ വാഹനങ്ങൾ അപകടങ്ങൾ, റോഡ് ബ്ലോക്കുകൾ, മറ്റ് ട്രാഫിക് നിയമ ലംഘനങ്ങൾ എന്നിവ നടന്നാൽ എത്രയും വേഗം ടി പ്രദേശത്ത് എത്തി വേണ്ട സത്വര നടപടികൾ സ്വീകരിച്ച് യാത്രക്കാർക്ക് സുരക്ഷിതവും, സുഗമവുമായ യാത്രാ സംവിധാനം ഒരുക്കി വരുന്നു. ഹൈവേ പട്രോൾ വാഹനങ്ങളുടെ എണ്ണം 54 ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി 'സേഫ് കേരള' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (ഡി) | അപകടസാധ്യത കൂടിയ മേഖലകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് അവയുടെ നിയന്ത്രണം ഒരു കേന്ദ്രത്തിൽ നിന്നാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | അപകടസാധ്യത കൂടിയ മേഖലകളിൽ ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടുപിടിക്കുന്നതിനായി ഗതാഗത കമ്മീഷണറുടെ ചുമതലയിൽ 203 ക്യാമറകൾ സ്ഥാപിച്ച് എറണാകുളം കൺട്രോൾ റൂമിൽ നിരീക്ഷിച്ച് നടപടി എടുത്തുവരുന്നതും, മണ്ണൂത്തി മുതൽ വാളയാർ വരെ നാഷണൽ ഹൈവേയിലും മണ്ണൂത്തി - മഞ്ചേശ്വരം റൂട്ടിലും ക്യാമറകൾ സ്ഥാപിച്ച് കോഴിക്കോട് കൺട്രോൾ റൂമിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്.<br>സേഫ് കേരള പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലും കേന്ദ്രീകൃത കൺട്രോൾ റൂമുകൾ സ്ഥാപിച്ച് മുഴുവൻ സമയ നിരീക്ഷണം സാധ്യമാക്കാൻ ഉദ്ദേശിക്കുന്നു.<br>ആഭ്യന്തര വകുപ്പ് നടപ്പാക്കുന്ന Integrated Digital Traffic Enforcement പദ്ധതിയുടെ ഭാഗമായി പ്രധാന റോഡുകളിൽ അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ ക്യാമറകൾ സ്ഥാപിച്ച് നിയമ ലംഘനങ്ങൾ കണ്ടെത്തി യഥാസമയം നടപടിയെടുക്കാൻ സാധിക്കും. ഇത്തരം ക്യാമറകൾ ഒരു സെൻട്രലൈസ്ഡ് മോണിറ്ററിംഗ് സെന്ററുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി PPP മാതൃകയിൽ നടപ്പിലാക്കുവാൻ 05.10.2018-ലെ സ.ഉ.(കൈ) നം. 155/2018/ആഭ്യ. പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | അപകട വിവരങ്ങൾ യഥാസമയം അറിയിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് ഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | അപകട വിവരങ്ങൾ യഥാസമയം അറിയിക്കുന്നതിന് അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് കീഴിലുള്ള ഫീൽഡ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതും, വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ രക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നതും, അപകടങ്ങളെക്കുറിച്ചുള്ള വിശദമായ അന്വേഷണങ്ങൾ നടത്തി വരുന്നതുമാണ്. ഡ്രൈവർമാരുടെ ഭാഗത്തു നിന്നുമുണ്ടാകുന്ന അശ്രദ്ധകൊണ്ടുള്ള അപകടങ്ങളാണ് എന്ന് കണ്ടെത്തിയാൽ അത്തരം ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ച് ലൈസൻസ് റദ്ദാക്കുന്ന നടപടിയുൾപ്പെടെയുള്ള കർശന നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, സേഫ് |

| | | | |
|---|---|---|---|
| | | | കേരള പദ്ധതിയുടെ ഭാഗമായി അപകട രക്ഷപ്രവർത്തനങ്ങളുടെ ഏകോപനവും ലക്ഷ്യമിടുന്നുണ്ട്. പോലീസ്, ഫയർഫോഴ്സ് വകുപ്പുകളുടെയും ആശുപത്രികളുടെയും ആംബുലൻസുകളുടെയും വാഹന ടെക്നീഷ്യന്മാരുടെയും എൻ.ജി.ഒ.മാരുടെയും സേവനം ഏകോപിച്ചുകൊണ്ടാണ് ഇത് സാധ്യമാക്കാനുദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**